LIBRARY ARCHIVES Kerala Legislative Assembly

ജനസമ്പർക്ക പരിപാടി

183(1250) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടാത്ത എത്ര പദ്ധതികൾ ഇവയിലുണ്ട് ; വ്യക്തമാക്കാമോ; എങ്കിൽ, ഇവയുടെ നടത്തിപ്പിന് ആവശ്യമായ തുക നിയമസഭയിൽ ഉപധനാഭ്യർത്ഥനയിലൂടെ പാസാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) പ്രഖ്യാപിക്കപ്പെട്ട പദ്ധതിയിൽ നടപ്പിലാക്കാനും പൂർത്തീകരിക്കാനും സാധിക്കാത്ത എത്ര പദ്ധതികൾ ഉണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് പ്രഖ്യാപനങ്ങൾ ഒന്നും നടത്തിയിട്ടില്ല എന്നാൽ എ.പി.എൽ. കാർഡുകൾ ഉള്ള അർഹരായ കാർഡുടമകൾക്ക് ബി.പി.എൽ. കാർഡുകൾ ജനസമ്പർക്ക പരിപാടിയിലൂടെ നൽകിയിട്ടുണ്ട്.

റേഷൻ അരി ഒരു രൂപയ്ക്ക് നൽകുന്ന പദ്ധതി

184(1251) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ അരി ഒരു രൂപയ്ക്ക് നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേനെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?